(ബി) മേൽപ്പറഞ്ഞ രീതിയിൽ സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച തുകകൾ ഓരോ വർഷവും വൈദ്യുതി ബോർഡ് സർക്കാരിന് നൽകേണ്ടിയിരുന്ന തുകകളിൽ തട്ടിക്കഴിച്ചിട്ടുണ്ട്. വായ്പ തുക പണമായി നൽകാറില്ല.

(സി) ഈ കാലയളവിൽ ഡ്യൂട്ടിയിനത്തിൽ ബോർഡ് പിരിച്ചെടുത്ത തുകകളുടെ വിവരം (കളക്ഷൻ ചാർജ്ജ് കഴിച്ച്) ചുവടെ ചേർക്കുന്നു.

വർഷം	സെക്ഷൻ 4 ഡ്യൂട്ടി	സെക്ഷൻ 5 ഡ്യൂട്ടി	സർചാർജ്
1995-96	53.34	0.52	5.36
1996-97	48.18	1.16	24.79
1997-98	60.31	0.82	7.52
1998-99	82.90	0.63	8.14
1999-2000-ലെ കണക്കുകൾ പൂർത്തിയായിട്ടില്ല.			

(ഡി) 1995-96 മുതലുള്ള വർഷങ്ങളിൽ സർക്കാർ വായ്പയിൽ നിന്ന് തട്ടിക്കഴിച്ച രീതിയിൽ ബോർഡ് സർക്കാരിന് അടച്ച ഡ്യൂട്ടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	സെക്ഷൻ 4 ഡ്യൂട്ടി	സെക്ഷൻ 5 എ)	സർചാർജ്
		(രൂപ കോടിയിൽ)	
1995-96	5.25	3.41	-
1996-97	40.78	3.50	-
1997-98	115.35	-	20.83 കോടി രൂപ
1998-99	6.54	-	28.65 കോടി രൂപ
1999-2000	-	-	-

(ഇ) സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും വൈദ്യുതി വികസനത്തിനായി ഗ്രാന്റ് ഒന്നും ലഭിച്ചിട്ടില്ല.

ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

85 (237) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ;

(സി) ഈ എസ്റ്റിമേറ്റ് സംസ്ഥാന വൈദ്യുതി ബോർഡ് അംഗീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പദ്ധതിയുടെ പണിക്ക് വേണ്ടി ആര് സമർപ്പിച്ച എസ്റ്റിമേറ്റാണ് ബോർഡ് സ്വീകരിച്ചത് ;

(ഇ) പ്രസ്തുത എസ്റ്റിമേറ്റിലെ തുക എത്രയായിരുന്നു ;

(എഫ്) എത്ര തുക ചിലവാക്കിയാൽ ഈ പദ്ധതിയുടെ പണി പൂർത്തിയാക്കാമെന്നാണ് ബോർഡ് അംഗീകരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയവർ പറഞ്ഞിട്ടുള്ളത് ;

(ജി) ഈ എസ്റ്റിമേറ്റ് സ്വീകരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(എച്ച്) ഈ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പണി ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ&എഫ്) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരമുള്ള എസ്റ്റിമേറ്റനുസരിച്ച് ടി പദ്ധതിക്ക് 1999-ൽ 315.90 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ബോർഡിലെ ഉദ്യോഗസ്ഥർ തയ്യാറാക്കിയതാണ്. ബോർഡ് അംഗീകരിച്ചിട്ടുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയാണ് ഇത്.

(ജി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് സാങ്കേതിക സാമ്പത്തിക വിഭാഗങ്ങൾ പരിശോധിച്ചതിനു ശേഷമാണ് ബോർഡ് അംഗീകരിച്ചിട്ടുള്ളത്.

(എച്ച്) ഈ പദ്ധതിക്കുവേണ്ടി ആഗോള ടെണ്ടർ വിളിച്ചത് ഇവാല്യുവേറ്റ് ചെയ്തു വരുന്നതേയുള്ളൂ.

വൈദ്യുത അപകടംമൂലം മരണം സംഭവിച്ചവരുടെ അവകാശികൾക്ക് സഹായം

86 (238) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി അപകടംമൂലം മരണം സംഭവിക്കുന്നവരുടെ അനന്തരാവകാശികൾക്ക് നഷ്ട പരിഹാരം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly